KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 24/07/ 2019

# വിദേശികൾക്ക് താമസം ഒരുക്കുന്നവർക്ക് കൊല്ലം സിറ്റി പോലീസിന്റെ ഏക ദിന പരിശീലനം

കൊല്ലം സിറ്റി പോലീസ് പരിധിയിൽ വിദേശികൾക്ക് താമസ സൗകര്യം ഒരുക്കുന്ന ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവർക്ക് കൊല്ലം സിറ്റി പോലീസ് ഏകദിന പരിശീലനം നൽകുന്നു. കൊല്ലം തങ്കശ്ശേരിയിലുള്ള ആൾ സീസൺസ് ഡീഫോർട്ട് കോൺഫറൻസ് ഹാളിൽ 26.07.2019 രാവിലെ 10.00 മണി മുതൽ ബ്യൂറോ ഓഫ് ഇമിഗ്രേഷനിലെ വിദഗ്ദർ ക്ലാസുകൾ നയിക്കുന്നു. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീമതി. മെറിൻ ജോസഫ് ഐ.പി.എസ്സ് ക്ലാസ്സ് ഉദ്ഘാടനം ചെയ്യും. വിദേശികളെ താമസിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങളും, നിയമവശങ്ങളും വിദഗ്ദർ വിശദീകരിക്കുന്ന ക്ലാസ്സിൽ വിദേശികൾക്ക് താമസ സൗകര്യം നൽകുന്ന ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവർ പങ്കെടുക്കേണ്ടതാണെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിക്കുന്നു.